## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5720** **18.11.2019 - ൽ മറുപടിക്ക്.**

## റേഷൻ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

ചോദ്യം

**ശ്രീ.എ.പി. അനിൽ കുമാർ :**

(എ) റേഷൻ വിതരണത്തിന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പ വരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ ഗോഡൗണുകളിലേയ്ക്കും അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഗുണഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് ആയത് പരിശോധന ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും

എ.ആർ.ഡി. കളിലും FIFO (First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| **(ബി)** റേഷൻ വിതരണത്തിന് ലഭിക്കുന്ന അരി മോശമാണെങ്കിൽ ഒരു മാസത്തിനുള്ളിൽ അറിയിച്ചില്ലെങ്കിൽ പകരം അരി നൽകില്ലായെന്ന് എഫ്.സി.ഐ മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; | **(ബി)** ഇല്ല. |
| **(സി)** ഈ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | **(സി)** ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**